(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിൽ 150 കോടിയോളം തൊഴിൽദിനങ്ങൾ നൽകിയിട്ടുണ്ട്.

കയർ മേഖലയിലെ തൊഴിലാളികളുടെ എണ്ണം

221 (7192) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ ; ഇതിൽ എത്ര ശതമാനം പേർക്ക് നിലവിൽ ജോലി ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഇതുസംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഏതായാലും കയർ മേഖലയിൽ ഏകദേശം 3.75 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നതായും ഇതിൽ അമ്പത് ശതമാനത്തോളം പേർക്ക് നിലവിൽ ജോലി ലഭിക്കുന്നതായും കണക്കാക്കപ്പെടുന്നു.

കയർ വ്യവസായ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ

222 (7193) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വികസന വകുപ്പിനുകീഴിൽ സംയോജിത കയർവ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് ഏതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇതുവരെ എവിടെയെല്ലാം എത്ര വീതം സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവർത്തന പരിധി, അംഗങ്ങളുടെ എണ്ണം എന്നിവയിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ സംഘങ്ങൾക്ക് എന്തുസഹായമാണ് സർക്കാർ നൽകുന്നത് ;

(ഇ) കയർപിരി മേഖലയിൽ കൂടുതൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പ്രോജക്ട് ഓഫീസിൽ അനുമതി നൽകാതിരിക്കുന്നത് സർക്കാർ നിർദ്ദേശത്തെ തുടർന്നാണോ എന്നറിയിക്കുമോ ?

ഉത്തരം

(എ) കയറുമായി ബന്ധപ്പെട്ട തൊണ്ടു സംഭരണം, കയറും കയറുൽപന്നങ്ങളുടെയും നിർമ്മാണം, വിപണനം തുടങ്ങിയകാര്യങ്ങൾ ലക്ഷ്യമിട്ടു കൊണ്ടാണ് സംയോജിത കയർ വ്യവസായ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly